# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4749** | **27-06-2014 ൽ മറുപടിയ്ക്ക്**

## ഭൂവുടമകൾ നെൽവയലുകൾ തരിശിടുന്നത്

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.എം.ഹംസ | | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ധാരാളം ഭൂവുടമകൾ നെൽവയലുകൾ തരിശിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ തരിശു ഭൂമിയുടെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ; | (എ) | ഉണ്ട്. നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഡാറ്റാ ബാങ്ക് കുറ്റമറ്റതാക്കി തീർക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. ആയതിന് ശേഷം മാത്രമേ തരിശു ഭൂമിയെ സംബന്ധിച്ച വ്യക്തമായ കണക്കുകൾ ലഭ്യമാകുകയുള്ളൂ. എന്നാൽ കാലാകാലങ്ങളായി തരിശായി കിടക്കുന്നു എന്ന് ബോധ്യമായിട്ടുള്ള സ്ഥലങ്ങളിൽ കൃഷിവകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ തരിശുഭൂമി നെൽകൃഷി പദ്ധതി നടപ്പിലാക്കി വരുന്നു. |
| (ബി) തൊഴിലുറപ്പ് പദ്ധതിയിലെ തൊഴിലാളികളെ ഉപയോഗപ്പെടുത്തി തരിശു ഭൂമിയിൽ പാട്ടകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | 2014-2015 വർഷത്തേക്കായി ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 15000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുള്ള 232.50 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ,കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്.<br>2011-2012 വർഷം 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശുനില നെൽകൃഷി നടപ്പിലാക്കാൻ സാധിച്ചു. ആയതിനായി 246.37 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി.<br>2012-2013 വർഷം ആകെ 1373.4 ഹെക്ടർ തരിശുഭൂമി 321.27 ലക്ഷം രൂപ ചെലവഴിച്ച് നെൽകൃഷി ചെയ്യുകയുണ്ടായി.<br>2013-2014 വർഷം 1903.95 ഹെക്ടർ തരിശുനിലങ്ങളിൽ 566.33 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കുകയുണ്ടായി. |

(സി) സംസ്ഥാനത്തെ ഓരോ വർഷവും കൃഷി ഭൂമിയുടെ അളവ് അപകടകരമാം വിധം കുറയുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കൃഷി ഭൂമിയുടെ അളവ് സംബന്ധിച്ച് 2006 മുതൽ 2014 വരെയുള്ള കണക്ക് പ്രസിദ്ധീകരിക്കാമോ?

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.
(ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് പ്രകാരമുള്ള കണക്ക് )

| വർഷം | വിസ്തീർണ്ണം (ഹെക്ടർ) |
|---|---|
| 2006-2007 | 263529 |
| 2007-2008 | 228938 |
| 2008-2009 | 234625 |
| 2009-2010 | 234013 |
| 2010-2011 | 213187 |
| 2011-2012 | 208160 |
| 2012-2013 | 197277 |
| 2013-2014 | 199611 |

സെക്ഷൻ ഓഫീസർ